# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 610 — 09-07-2014-ൽ മറുപടിക്ക്

## സംരംഭക ഉച്ചകോടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീമതി ഗീതാ ഗോപി | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരംഭക ഉച്ച കോടി സംഘടിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ഉച്ചകോടി യിൽ എന്തെല്ലാമാണുൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിലേക്കായി 2014 സെപ്റ്റംബർ മാസം 12-ാം തീയതി യംങ്ങ് എന്റർപ്രണർഷിപ്പ് സമ്മിറ്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. പുതു യുവസംരംഭകർക്ക് അവരുടെ ആശയങ്ങൾ വ്യവസായ, വിദ്യാഭ്യാസ മേഖലകളിലെ പ്രമുഖർക്കു മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക, കേരളത്തെ യുവസംരംഭകരുടെ അറിയപ്പെടുന്ന കേന്ദ്രമാക്കി മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ സംരംഭത്തിന് ഉള്ളത്. ഇതിന് മുന്നോടിയായുള്ള ലോഗോ പ്രകാശന കർമ്മം 2014 ജൂൺ മാസം 17-ാം തീയതി തിരുവനന്തപുരത്ത് വച്ച് നടന്ന ചടങ്ങിൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു.<br><br>യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ കേൾക്കുന്നതിനും, അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി |

സ്റ്റാർട്ട്-അപ്പ് സെൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. യുടെ തിരുവനന്തപുരത്തെയും കൊച്ചിയിലെയും ഓഫീസുകളിലാണ് പ്രസ്തുത സെൽ പ്രവർത്തിക്കുന്നത്. ആഴ്ചയിൽ ഏഴു ദിവസവും 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന തരത്തിലായിരിക്കും സെല്ലിന്റെ പ്രവർത്തനം.

ലൈഫ് സയൻസ്, ഫുഡ് പ്രോസസ്സിംങ്, കാർഷികം, മറൈൻ തുടങ്ങി വിവിധ ഐ.ടി ഇതര മേഖലകളിലും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന യുവ സംരംഭകർക്ക് വേണ്ട സഹായങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് ഈ ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുക.

**(ബി)** ആഗോള നിക്ഷേപക സംഗമം, എമർജിംഗ് കേരള തുടങ്ങിയ പദ്ധതികളിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിലയിരുത്തുമോ?

**(ബി)** വികസനാധിഷ്ഠിതവും, നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ കേരളത്തിലെ നിക്ഷേപ സാധ്യത വർദ്ധിപ്പിക്കുവാനായിട്ടാണ് ആഗോള നിക്ഷേപക സംഗമം (ജിം) ലക്ഷ്യമിട്ടത്. കൂടാതെ, പ്രസ്തുത സംഗമത്തിൽ കേരളത്തിലെ നിക്ഷേപ സാധ്യതകൾ അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതി എന്നിവ വിശദമാക്കാനും, ഭക്ഷ്യസംസ്ക്കരണം, വിനോദസഞ്ചാരം, വ്യവസായം,

വിദ്യാഭ്യാസം, ഗതാഗതം, തുറമുഖം തുടങ്ങിയ മേഖലകളിലെ വിവിധ നിക്ഷേപ പദ്ധതികളെപ്പറ്റിയും ചർച്ച ചെയ്യുവാൻ സാധിച്ചു. ആഗോള നിക്ഷേപക സംഗമത്തിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി ലോക ത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജിംഗ് കേരള സംഘടിപ്പിച്ചത്. എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ പദ്ധതികളടക്കം ആകെ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പുരോഗമിച്ചുകൊ ണ്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ